(ഇ) ഈ തസ്തികയിൽ 2011 മാർച്ച് മാസം വിരമിക്കുന്നവരുടെ എണ്ണം എത്രയാണെന്ന് അറിയിക്കുമോ ;

(എഫ്) ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ തസ്തിയിലേയ്ക്ക് നിലവിൽ എത്ര ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ആന്റിസിപ്പേറ്റഡ് വേക്കൻസി ഉൾപ്പെടെ ആകെ 41 ഒഴിവുകൾ ഉണ്ട്.

(ബി) 2008,2009,2010 വർഷങ്ങളിലായി ആകെ 6 പേർ വിരമിച്ചു, വർഷം തിരിച്ചുള്ള എണ്ണം താഴെ പറയും പ്രകാരമാണ് :

2008–2

2009–1

2010–3

(സി) 2008–2009 വർഷങ്ങളിൽ ആർക്കും പ്രൊമോഷൻ നൽകിയിട്ടില്ല. എന്നാൽ 2010-ൽ ഒരാൾക്ക് പ്രൊമോഷൻ നൽകിയിട്ടുണ്ട്.

(ഡി) 2008,2009,2010 വർഷങ്ങളിൽ ഈ ജില്ലയിൽനിന്നും മൂന്ന് പേർക്ക് മറ്റ് ജില്ലകളിലേക്ക് സ്ഥലം മാറ്റം നൽകിയിട്ടുണ്ട്.

2008	1
2009	1
2010	1

(ഇ) ഈ തസ്തികയിൽ 2011 മാർച്ച് മാസം 2 പേർ വിരമിക്കുന്നു.

(എഫ്) ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ തസ്തികയിലേക്ക് മലപ്പുറം ജില്ലയിൽ നിന്നും നിലവിൽ 45 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ആലപ്പുഴ ജില്ലയിൽ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാരുടെ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിന് നടപടി

86 (2564) ശ്രീ. എ. എ. ഷുക്കൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പി.എസ്.സി. 2009 ജൂൺ 26-ാം തീയതി ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ തസ്തികയിലേക്ക് എഴുത്തുപരീക്ഷ നടത്തുകയും, 2010 ഒക്ടോബർ 15-ാം തീയതി സാധ്യതാ ലിസ്റ്റ് നിലവിൽ വരികയും ചെയ്തകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സാധ്യതാ ലിസ്റ്റിൽനിന്നും ആലപ്പുഴ ജില്ല ഒഴികെയുള്ള ജില്ലകളിൽ നിയമനം നടത്തുകയും എന്നാൽ ആലപ്പുഴ ജില്ലയിൽ നാളിതുവരെ റാങ്ക് ലിസ്റ്റ് നിലവിൽ വരികയോ നിയമനം നടത്തുകയോ ചെയ്തിട്ടില്ല എന്ന വസ്തുത ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ആലപ്പുഴ ജില്ലയിൽ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാരുടെ അഭാവം നിമിത്തം മൃഗസംരക്ഷണവകുപ്പിലെ ഡോക്ടർമാർക്ക് ബുദ്ധിമുട്ട് അനുഭവപ്പെടുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) പ്രസ്തുത തസ്തികയിലേക്ക് റാങ്ക് ലിസ്റ്റ് പ്രസിദ്ധപ്പെടുത്തി നിയമനം നടത്തുന്നതിനുപകരം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമനം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ പ്രസ്തുതനിയമനംമൂലം ആലപ്പുഴയിലെ ഉദ്യോഗാർത്ഥികൾക്ക് അവസരം നിഷേധിക്കപ്പെടുമെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

(എ&ബി) 25-6-2009-ൽ പരീക്ഷ നടത്തുകയുണ്ടായി. 15-10-2010-ന് സാദ്ധ്യതാ ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകുന്നതിന് പി.എസ്.സി.-യിൽ നിന്നും അഡ്വൈസ് മെമ്മോ ലഭിച്ചിട്ടില്ല.

(സി&ഡി) ഉണ്ട്. ഒഴിവുകൾ യഥാസമയം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുകയും റാങ്ക് ലിസ്റ്റ് നിലവിലില്ലാത്ത സമയത്ത് പി.എസ്.സി.യിൽ നിന്നും എൻ.എ.സി. വാങ്ങി എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി താൽക്കാലിക നിയമനം നടത്തുകയും ചെയ്യാറുണ്ട്. പി.എസ്.സി.-യിൽ നിന്നും സ്ഥിര നിയമനം ലഭിക്കുന്ന മുറയ്ക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയുള്ള ഉദ്യോഗസ്ഥരെ വിടുതൽ ചെയ്യുന്നതാണ്.

ലീഗൽ മെട്രോളജി വകുപ്പിലെ ഇൻസ്പെക്ടർ തസ്തിക

87 (2565) ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലീഗൽ മെട്രോളജി വകുപ്പിൽ ഇൻസ്പെക്ടർ തസ്തികയിൽ ഇപ്പോൾ എത്ര ഒഴിവുകളുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ബി) 2011 മാർച്ച് 31 വരെ ഉണ്ടാകാവുന്ന ഒഴിവുകൾ കണക്കാക്കി സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ടോ ; എങ്കിൽ സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ ;

(സി) ഇപ്രകാരം എത്ര ഒഴിവുകളുണ്ടെന്നും അവ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തുകഴിഞ്ഞോയെന്നും വ്യക്തമാക്കുമോ ;

(ഡി) ഇതുവരെ അത്തരം ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടില്ലെങ്കിൽ അടിയന്തരമായി റിപ്പോർട്ട് ചെയ്യാൻ നിർദ്ദേശം നൽകുമോ ?

LIBRARY ARCHIVES Kerala Legislative Assembly